## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

### മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1685 — 05-02-2019-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ. എ. സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിപ്രകാരം പ്രതിവർഷം 200 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കു മാത്രം പ്രതിവർഷം 200 തൊഴിൽദിനം നൽകുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി നോക്കി വരുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള തൊഴിൽ ദിനങ്ങൾക്ക് ഉപരിയായി 100 ദിവസം അധികം തൊഴിൽ നൽകുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ 'കേരള ട്രൈബൽ പ്ലസ്' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. അധിക തൊഴിൽദിനങ്ങൾക്കുള്ള വേതനം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തി തൊഴിലുറപ്പ് മിഷൻ വഴി തൊഴിലാളികൾക്ക് ലഭ്യമാക്കി വരുന്നു.<br>സംസ്ഥാനത്ത് സമീപകാലത്തുണ്ടായ അതിരൂക്ഷമായ പ്രളയവും അതുമുഖേന ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളും കണക്കിലെടുത്ത് പ്രളയബാധിത പ്രദേശങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി പൂർണ്ണമായും പ്രളയബാധിതമായ 7 ജില്ലകളിൽ കേന്ദ്രസർക്കാർ തൊഴിൽദിനങ്ങൾ 150 ദിവസമാക്കി ഉയർത്തിയിട്ടുണ്ട്. |
| (സി) | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ കൂലി ഇനത്തിൽ എത്ര തുകയാണ് കുടിശ്ശികയായിട്ടുള്ളത്; കുടിശ്ശിക വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) | 2018-19 സാമ്പത്തിക വർഷം പദ്ധതിയിൽ തൊഴിലെടുത്ത തൊഴിലാളികൾക്ക് അവിദഗ്ധ വേതനയിനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ടിയിരുന്നതിൽ 804 കോടി രൂപ 28.01.2019 വരെ കുടിശ്ശികയുണ്ട്.<br><br>അവിദഗ്ധ വേതനയിനത്തിലെ നിലവിലുണ്ടായിരുന്ന കുടിശ്ശിക തുക കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാക്കുവാനായി 17.10.2018-ൽ പ്രൊപ്പോസൽ നൽകിയിരുന്നു. ഇതിനെത്തുടർന്ന് 508 കോടി രൂപ കേന്ദ്രസർക്കാർ 28.11.2018-ലും 05.12.2018-ലുമായി അനുവദിക്കുകയുണ്ടായി. തുടർന്നും 01.01.2019-നു തിട്ടപ്പെടുത്തിയ അവശേഷിക്കുന്ന കുടിശ്ശിക തുകയായ 532 കോടി രൂപാ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ 01.01.2019-ന് നൽകിയിട്ടുണ്ട്. 10.01.2019 ന് കേന്ദ്ര ഗ്രാമവികസന |

| | | | |
|---|---|---|---|
| | | | മന്ത്രാലയം എംപവേർഡ് കമ്മിറ്റിക്ക് മുമ്പാകെ അന്നുവരെയുള്ള കുടിശ്ശിക തുകയായ 593 കോടി രൂപ അനുവദിക്കണമെന്നും ആവശ്യം ഉന്നയിച്ചിട്ടുണ്ട്. കൂടാതെ 22.01.2019-ന് തലസ്ഥാനത്ത് സന്ദർശനം നടത്തിയ ബഹു. കേന്ദ്ര സഹ മന്ത്രിയുടെയും 23.01.2019-ന് തലസ്ഥാനത്ത് എത്തിയ പാർലമെന്ററി സമിതിയുടെയും മുൻപാകെ പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും നിരന്തരമായി ഇക്കാര്യത്തിൽ ഇടപെടൽ നടത്തിവരുന്നുണ്ട് |

**സെക്ഷൻ ഓഫീസർ**